
23-03-2023

# ഡോ.കെ.ബാലചന്ദ്ര ഹെബ്ബാർ സിപിസിആർഐ ഡയറക്ടർ



കാസർകോട് • കേന്ദ്ര തോട്ട വിള ഗവേഷണ കേന്ദ്രത്തിന്റെ(സിപിസിആർഐ) പുതിയ ഡയറക്ടറായി ഡോ.കെ. ബാലചന്ദ്ര ഹെബ്ബാർ ഇന്നു ചുമതലയേൽക്കും. നിലവിൽ സിപിസിആർഐയിൽ പ്രിൻസിപ്പൽ സയന്റിസ്റ്റ് തസ്തികയിലാണ് ഇദ്ദേഹം പ്രവർത്തിക്കുന്നത്. 2026 ഒക്ടോബർ 31 വരെയാണ് ഡോ.കെ.ബാലചന്ദ്ര ഹെബ്ബാറിന്റെ കാലാവധി. 1995ൽ നാഗ്പൂരിലെ കേന്ദ്ര പരുത്തി ഗവേഷണ കേന്ദ്രത്തിൽ ശാസ്ത്രജ്ഞനായി ചേർന്ന ഡോ. ബാലചന്ദ്ര ഹെബ്ബാർ 2010 മുതൽ സിപിസിആർഐയിൽ പ്ലാന്റ് ഫിസിയോളജി, ബയോകെമിസ്ട്രി, പോസ്റ്റ് ഹാർവെസ്റ്റ് ടെക്നോളജി എന്നിവയുടെ മേധാവിയായി പ്രവർത്തിക്കുന്നു. തേങ്ങയിൽ നിന്ന് നീര ശേഖരിക്കുന്ന സാങ്കേതിക വിദ്യ 'കൊക്കോസാപ്പ് ചില്ലർ' വികസിപ്പിച്ചു. കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച പഠനത്തിന് 2010ൽ യുഎസ് ഡിപ്പാർട്ട്മെന്റ് ഓഫ് അഗ്രികൾച്ചർ ബോർലോഗ് ഫെലോഷിപ്പ് ലഭിച്ചു.

MANORAMA